LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ പഠന വൈകല്യമുള്ള കുട്ടികൾ

59 (1095) ശ്രീ. കെ. കെ. ജയചന്ദ്രൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ വിദ്യാഭ്യാസ വകുപ്പ് നിരസിക്കുകയുണ്ടായോ ; എത്ര കുട്ടികളുടെ അപേക്ഷയാണ് നിരസിച്ചത് ;

(ബി) പഠന വൈകല്യം, മനോവൈകല്യം എന്നിവയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷാ ഹാളിൽ സഹായിയെ അനുവദിക്കാം എന്ന വ്യവസ്ഥ പ്രകാരം അനുമതി തേടിയ അപേക്ഷകൾ നിരസിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) ഓരോ ജില്ലകളിലും സമാന കാരണം ചൂണ്ടിക്കാട്ടി എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ച് കണക്ക് നൽകാമോ ;

(ഡി) പ്രസ്തുത കുട്ടികൾക്ക് അർഹതപ്പെട്ട സഹായത്തോടെ പരീക്ഷ എഴുതുന്നതിനായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇടുക്കി ജില്ലയിൽനിന്നും പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല.

(സി&ഡി) അപേക്ഷയോടൊപ്പം നോട്ടിഫിക്കേഷൻ പ്രകാരമുള്ള ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതു കാരണം യഥാക്രമം ആലപ്പുഴ I, തൃശ്ശൂർ II, എറണാകുളം I എന്നീ ക്രമത്തിൽ 4 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

അദ്ധ്യാപക പാക്കേജും അദ്ധ്യാപക ബാങ്കും

60 (1096) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജും അദ്ധ്യാപക ബാങ്കും നടപ്പിലാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവ് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കോടതി വിധിയെ തുടർന്ന് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും ശമ്പളമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 1-6-2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവുമൂലം സർവ്വീസിൽനിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർനിയമനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 1-10-2011-ലെ സ.ഉ.(പി) നമ്പർ199/11/പൊ.വി.വ പ്രകാരം അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപക സമൂഹം അത്യാവശ്യ ഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു. അധ്യാപക പാക്കേജിന്റെ ഭാഗമായി അധ്യാപക ബാങ്ക് രൂപീകരിച്ചുകൊണ്ട് 23-12-2014-ൽ സ.ഉ.(പി) നമ്പർ278/14/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി&ഡി) 15-1-2015-ലെ WP(c) 30107/13-ഉം അനുബന്ധ കേസുകളിലെ പൊതുവായ ഹൈക്കോടതി വിധി പ്രകാരം അദ്ധ്യാപക പാക്കേജ് ഉത്തരവുകളും തത്സ്ഥിതി നിർണ്ണയ മാർഗ്ഗനിർദ്ദേശങ്ങളുൾപ്പെടെ അനുബന്ധ ഉത്തരവുകളും റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ അപ്പീൽ നൽകുന്നതിനായി ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-2-2015-ന് അഡീഷണൽ അഡ്വക്കേറ്റ് ജനറലുമായി ഒരു ചർച്ച നടത്തുകയും തുടർന്ന് വിധിക്കെതിരെ അടിയന്തരമായി അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പാക്കേജിന്റെ ഭാഗമായി നിയമനാംഗീകാരം ലഭിച്ചവർക്ക് ജോലി സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി കൂടിയാണ് അപ്പീൽ നൽക്കാൻ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly